**കേരളം സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

## <u>വിജ്ഞാപനം</u>

## <u>കീം - 2026</u>

## <u>എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിച്ചു.</u>

2026–ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് നടപടികൾ 28.09.2026 ന് ആരംഭിച്ചു.

**<u>പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്</u>**

മൂന്നാം ഘട്ടത്തിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് പുതിയതായി ഓൺലൈൻ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ 28.09.2026 **മുതൽ** 07.10.2026 10:00 AM **വരെ** ഓപ്ഷനുകൾ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് മുൻ ഘട്ടങ്ങളിൽ അലോട്ട്മെന്റ്/ അഡ്മിഷൻ ലഭിക്കുകയും എന്നാൽ ഈ ഘട്ടത്തിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാതിരിക്കുകയും ചെയ്യുന്നവരുടെ മുൻ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടിയിട്ടുണ്ടെങ്കിൽ അത് നിലനിൽക്കുന്നതായിരിക്കും.

***<u>ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും നിശ്ചിത സമയത്തിനകം അലോട്ട്മെന്റ് ലഭിച്ച കോളേജ്/കോഴ്സിൽ പ്രവേശനം നേടാതിരിക്കുകയും ചെയ്യുന്നവരുടെ മുൻ ഘട്ടത്തിലെയും, ഈ ഘട്ടത്തിലെയും അലോട്ട്മെന്റുകൾ റദ്ദാകുന്നതാണ്. കൂടാതെ ഇവരുടെ ബന്ധപ്പെട്ട സ്ട്രീമിലെ എല്ലാ ഓപ്ഷനുകളും റദ്ദാകുന്നതാണ്.</u>***

**<u>ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ്</u>**

എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനത്തിനായി ഈ ഘട്ടത്തിൽ പുതിയതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും, കഴിഞ്ഞ ഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭിച്ചിട്ട് അഡ്മിഷൻ എടുക്കാത്ത വിദ്യാർത്ഥികളും, TC എടുത്ത വിദ്യാർ ത്ഥികളും **5,000/-രൂപ** (അയ്യായിരം രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി ഒടുക്കേണ്ടതാണ്. സർക്കാർ മെഡിക്കൽ/ദന്തൽ കോളേജിൽ അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടുന്ന പക്ഷം കോഴ്സിന്റെ ട്യൂഷൻ ഫീസിൽ ഈ തുക വകയിരുത്തുന്നതാണ്. എന്നാൽ സ്വകാര്യ, സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജിൽ പ്രവേശനം നേടിയ വിദ്യാർത്ഥിക്ക് അലോട്ട്മെന്റ് നടപടികൾ പൂർത്തിയായ ശേഷം തുക തിരികെ നൽകുന്നതാണ്. എസ്.സി./എസ്.ടി/ഒ.ഇ.സി.ക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അർഹരായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ G.O.(Ms.)No.25/2005/SCSTDD dated 20.06.2005, G.O.(Ms.)No.10/2014/BCDD dated 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ശ്രീചിത്രാഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ അപേക്ഷകരും ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി **500/- രൂപ** (അഞ്ഞൂറ് രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. ഇവർക്ക് പ്രവേശനം ലഭിക്കുന്ന കോഴ്സിന്റെ Caution Deposit-ൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്. റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തുക തിരികെ നൽകുന്നതിനായി കൃത്യമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വെബ്സൈറ്റ് വഴി നൽകേണ്ടതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു.**

| | |
|---|---|
| 28.09.2026 | എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിന് വെബ് സൈറ്റ് സജ്ജമാകുന്നു. |
| 07.10.2026, 10:00 AM | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു. |
| 08.10.2026 | മൂന്നാംഘട്ട താത്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം. |
| 09.10.2026 | മൂന്നാംഘട്ട അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം. |
| 10.10.2026 to 14.10.2026, 4:00 PM | അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഫീസ് അടച്ച് പ്രവേശനം നേടാനുള്ള സമയം. |
| 14.10.2026, 5:00 PM | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ട സമയം. |

**ഫീസ്**

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ വിവിധ കോളേജുകളിലെ ഫീസ് നിരക്ക് വെബ്സൈറ്റിൽ ലഭ്യമാണ്. സ്വാശ്രയ എം.ബി.ബി.എസ്/ ബി.ഡി.എസ്. കോഴ്സുകളുടെ 2026-27 വർഷത്തെ ഫീസ് നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സ്വാശ്രയ എം.ബി.ബി.എസ്/ബി.ഡി.എസ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 2025-26 വർഷത്തെ ഫീസ് താത്ക്കാലികമായി അടയ്ക്കേണ്ടതും കൂടാതെ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി/സർക്കാർ/ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം നിശ്ചിയിക്കപ്പെടുന്ന 2026-27 വർഷത്തെ ഫീസ് അനുസരിച്ച് അധിക തുക അടയ്ക്കേണ്ടി വന്നാൽ പ്രസ്തുത തുക പിന്നീട് അടയ്ക്കേണ്ടതുമാണ്.

**ടോക്കൺ ഫീസ്**

- എം.ബി.ബി.എസ്/ബി.ഡി.എസ്. കോഴ്സുകൾക്ക് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിരിക്കുന്ന തുക അതാത് കോളേജുകളിൽ ഒടുക്കേണ്ടതാണ്.
- എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് ഗവണ്മെന്റ് മെഡിക്കൽ/ദന്തൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നവർ മുഴുവൻ ഫീസ് തുകയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.ടി/ഒ.ഇ.സി./മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ 20.06.2005 തീയതിയിലെ സ.ഉ.(കൈ) 25/2005/SCSTDD, 28.05.2014 തീയതിയിലെ സ.ഉ.(കൈ)10/2014/BCDD എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ ടോക്കൺ ഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ ടി വിദ്യാർത്ഥികൾ സ്വാശ്രയ കോളേജുകളിലെ മൈനോറിറ്റി/എൻ.ആർ.ഐ. സീറ്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ഫീസിളവിന് അർഹരല്ല.

**കുറിപ്പ്**

1. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ

പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. MCC മാർഗ്ഗനിർദ്ദേശമനുസരിച്ച് All India Quota യിൽ മൂന്നാം റൗണ്ടിൽഅലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് MCC പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലഭ്യമാക്കുകയും അത്തരം വിദ്യാർത്ഥികളെ മൂന്നാംഘട്ടത്തിലെ അലോട്ട്മെന്റിന് അയോഗ്യരാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്താൽ അവർ നൽകിയ ഓപ്ഷനുകൾ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. അതായത്, മൂന്നാം റൗണ്ടിൽ പങ്കെടുക്കാൻ ഇവർ അയോഗ്യരായിരിക്കും.
3. 07.10.2026 രാവിലെ 10:00 മണിക്കോ, അതിന് മുമ്പോ ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് നഷ്ടപ്പെടുത്തിവിടുതൽ ചെയ്യാവുന്നതാണ്.

മൂന്നാംഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവു വരുന്ന സീറ്റുകൾ സ്ട്രേ വേക്കൻസി റൗണ്ടിലൂടെ നികത്തുന്നതാണ്. സ്ട്രേ വേക്കൻസിയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in**എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾക്ക് വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712332120, 2338487**

Digitally signed by
R Manoj
Date: 28-09-2026
16:14:51

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
28-09-2026